# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3699 — 21-06-2018 ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.റോജി എം.ജോൺ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഷാഫി പറമ്പിൽ | ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |

### ബജറ്റ് രേഖകളുടെ കൃത്യതയില്ലായ്മയെക്കുറിച്ച് സി.ആന്റ് എ.ജി റിപ്പോർട്ട്

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ ബജറ്റ് രേഖകളുടെ കൃത്യതയില്ലായ്മയെക്കുറിച്ച് സി.ആന്റ്.എ.ജി. റിപ്പോർട്ടിൽ അതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ടോ; | ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന വരവു ചെലവുകളുടെ എസ്റ്റിമേറ്റും അവയുടെ യഥാർത്ഥ കണക്കും തമ്മിലുള്ള താരതമ്യവും അവലോകനവും സി.ആന്റ് എ.ജി. റിപ്പോർട്ടിൽ സാധാരണ പരാമർശിക്കാറുണ്ട്. ഈ അവലോകനത്തിന്റെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ പരിഹാര നടപടികൾ സ്വീകരിക്കുക പതിവാണ്. |
| (ബി) | മുൻ കാലങ്ങളെ അപേക്ഷിച്ച് ബഡ്ജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിലുള്ള അന്തരം കൂടി വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (സി) | ബജറ്റ് പ്രസംഗത്തിൽ അവതരിപ്പിച്ച പുതിയ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കാത്തതിനെ സി.ആന്റ്.എ.ജി റിപ്പോർട്ടിൽ വിമർശിക്കുന്നില്ലേ; | 2016-17 സാമ്പത്തിക വർഷം കിഫ്ബി മുഖേന 111 പദ്ധതികൾക്ക് 12,006.75 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 43 പദ്ധതികളുടെ നിർവഹണം ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 16 പ്രവൃത്തികൾ ആരംഭിക്കുന്നതിന് വിവിധ ഏജൻസികളെ ചുമതലപ്പെടുത്തി കഴിഞ്ഞു. 2016-17 സാമ്പത്തിക വർഷം 16 പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കിഫ്ബി 2016-17 സാമ്പത്തിക വർഷം അംഗീകാരം നൽകിയതും, നിർവഹണത്തിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നതുമായ 36 പദ്ധതികളും ഉണ്ട്. |
| (ഡി) | ബഡ്ജറ്റിന് പുറമെ മറ്റൊരു കിഫ്ബി ബഡ്ജറ്റ് അവതരിപ്പിക്കുന്ന സ്ഥിതിവിശേഷത്തോടുള്ള സി. ആന്റ് എ.ജിയുടെ വിമർശനമായല്ലേ ഇതിനെ കണക്കാക്കേണ്ടത് എന്ന് വ്യക്തമാക്കുമോ? | അല്ല. |

അക്കൗണ്ട്സ് ഓഫീസർ